# കേരള സർവകലാശാല

നം.പി.ആർ.149/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

ജൂലൈ 23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈ 17 മുതൽ ആരംഭിക്കുന്ന എം.സി.എ നാലാം സെമസ്റ്റർ, ജൂലൈ 30 മുതൽ ആരംഭിക്കുന്ന എം.സി.എ രണ്ടാം സെമസ്റ്റർ റെഗുലർ & സപ്ലിമെന്ററി (2015 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2019 ആഗസ്റ്റ് 12, 19 തീയതികളിൽ നടത്താനിരിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എൽ.ഐ.എസ്.സി (2017 അഡ്മിഷൻ) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം, എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് ഡിഗ്രി (2013 സ്കീം – 2015 അഡ്മിഷൻ) ഏപ്രിൽ 2019 ന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ജൂലൈ 20 വരെ അപേക്ഷിക്കാം. 2019 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എഡ് (രണ്ട് വർഷം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ആഗസ്റ്റ് 30 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്കും, അഞ്ചാം സെമസ്റ്റർ എം.ബി.എൽ പരീക്ഷകൾക്കും സെപ്റ്റംബർ 3 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷകൾക്കും പിഴ കൂടാതെ ആഗസ്റ്റ് 1 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 3 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 8 വരെയും ഓഫ്‌ലൈനായി സർവകലാശാല ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## എം.ഫിൽ ഫെല്ലോഷിപ്പ്

2018 – 19 വർഷത്തിൽ എം.ഫിൽ ഫെല്ലോഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഏതെങ്കിലും വിധത്തിലുള്ള പരാതികളുള്ളവർ 2019 ജൂലൈ 20 നകം വിഭാഗം മേധാവി മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്.

## എൻഡോവ്മെന്റ് അവാർഡ് വിതരണം

സർവകലാശാലയുടെ 2011, 2012 വർഷങ്ങളിലെ വിവിധ എൻഡോവ്മെന്റ് അവാർഡുകളുടെ വിതരണം ജൂലൈ 15 ന് രാവിലെ 10.30 ന് സർവകലാശാല സെനറ്റ് ഹാളിൽ വെച്ച് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 15 ന് രാവിലെ 9.00 മണിക്ക് സർവകലാശാലയിൽ നിർദ്ദിഷ്ട രേഖകൾ സഹിതം എത്തിച്ചേരേണ്ടതാണ്.

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിൽ ഫ്യൂച്ചർ സ്റ്റഡീസ് പഠനവകുപ്പിൽ ഒന്നാം വർഷ എം.എസ്.സി ഡേറ്റ സയൻസ് (സി.എസ്.എസ്) 2019-20 പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റും എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. അർഹരായിട്ടുള്ളഒക്കെ അസൽ രേഖകളുമായി ജൂലൈ 11 ന് രാവിലെ 10.30 ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2305321.

## ലോകജനസംഖ്യാദിനാചരണം

സർവകലാശാല ജനസംഖ്യാശാസ്ത്ര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോകജനസംഖ്യാദിനം ആചരിക്കുന്നു. 2019 ജൂലൈ 11 ന് രാവിലെ 10.30 ന് പോ – വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ പരിപാടി ഉത്ഘാടനം ചെയ്യും. തിരുവനന്തപുരം നഗരസഭാ കൗൺസിലർ ശ്രീ.ജോൺസൺ ജോസഫ്, ഡീൻ ഡോ.എ ബിജുകുമാർ, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ.സി സതീഷ് കുമാർ, പ്രൊഫ.പി.എസ് നായർ, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ഹരികുമാർ തുടങ്ങിയവർ സംബന്ധിക്കും. ഉച്ചതിരിഞ്ഞു നടക്കുന്ന പ്രത്യേക ജനസംഖ്യാദിന പ്രഭാഷണത്തിൽ പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ.കുഞ്ഞികൃഷ്ണൻ സംസാരിക്കും.

## യു.ജി. പ്രവേശനം – ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തി.
## കോളേജ് തല പ്രവേശനം ജൂലൈ 11, 12 തീയതികളിൽ

സർവകലാശാലയുടെ 2019–20 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി (http://admissions.keralauniversity.ac.in). അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ജൂലൈ 11, 12 തീയതികളിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതു വരെയും ഒരു കോളേജുകളിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ യൂണിവേഴ്സിറ്റി ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. ഇപ്രകാരം യൂണിവേഴ്സിറ്റി ഫീസ് അടച്ചവർ അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം കോളേജിൽ പ്രവേശനം നേടിയവർ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചാൽ വീണ്ടും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. അങ്ങനെയുളളവർ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് ടി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ വീണ്ടും യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കേണ്ടതില്ല. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ) സഹിതം മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമല്ല. പ്രവേശന സമയത്ത് ഹാജരാകാനുള്ള രേഖകൾ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കണം എന്നറിയിക്കുന്നു. രേഖകൾ ഹാജരാക്കാൻ അധിക സമയം അനുവദിക്കുന്നതല്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
10-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098